പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1753 16.2.2016 ൽ മറുപടിയ്ക്ക്

ജനസമ്പർക്ക പരിപാടി

| ചോദ്യം<br>ശ്രീ.റ്റി.യു.കുരുവിള | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) മുഖ്യമന്ത്രി നടത്തിയ മൂന്ന് ജനസമ്പർക്ക പരിപാടികളും വിജയമായതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ; | എ) സർക്കാർ നടത്തിയ 3 ജനസമ്പർക്ക പരിപാടികളിലും, പൊതുജനങ്ങളുടെ വിവിധ പരാതികളിൽ നിയമ തടസ്സങ്ങളില്ലാത്തവയിൽ സമയബന്ധിതമായി പരിഹാരം കാണുകയുണ്ടായി. ചികിത്സാധന സഹായവും മറ്റ് ആനുകൂല്യങ്ങളും അർഹരായ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി നൽകിയിട്ടുള്ളതും ജനസമ്പർക്ക പരിപാടി വിജയമാക്കുന്നതിന് കാരണമായിട്ടുണ്ട്. ജനസമ്പർക്ക പരിപാടിയിലെ അനുഭവത്തിന്റെ വെളിച്ചത്തിൽ പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ വിവിധ നടപടിക്രമങ്ങളിൽ മാറ്റമോ അയവുകളോ വരുത്തിക്കൊണ്ട് 45 സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളതും ജനസമ്പർക്ക പരിപാടിയെ വിജയകരമാക്കിയിട്ടുള്ളതാണ്. |
| ബി) ഇത്തരത്തിലുള്ള പരിപാടികൾ അതാതു വകുപ്പ് മന്ത്രിമാരും ജില്ലാകളക്ടർമാരും എല്ലാം വർഷവും നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;<br><br>സി) കാലഹരണപ്പെട്ട നിയമങ്ങൾ മാറ്റി ജനങ്ങൾക്ക് ഏറ്റവും വേഗം സേവനം ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ? | ബി)+സി)<br>ഇക്കാര്യത്തിൽ യഥാസമയം നടപടികൾ സ്വീകരിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ